98 (494) പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ ചന്ദനപ്പള്ളി എസ്റ്റേറ്റിൽനിന്ന് 1995 ന് ശേഷം പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ആർക്കെങ്കിലും ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ഇനിയും നൽകാനുണ്ടോ;

(ബി) എങ്കിൽ ആർക്കെല്ലാമെന്നും ഇവർക്ക് ആനുകൂല്യങ്ങൾ നൽകാനുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് എത്രയും വേഗം ആനുകൂല്യങ്ങൾ നൽകാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

99 (495) ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കോർപ്പറേഷൻ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ വിമാനയാത്രയ്ക്ക് എയർ ടിക്കറ്റ് ഈ കോർപ്പറേഷന്റെ ട്രാവൽ ഡിവിഷൻവഴിതന്നെ വാങ്ങുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) പ്രവർത്തനപുരോഗതി വിലയിരുത്തപ്പെട്ടിട്ടില്ല. എങ്കിലും ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചുവരുന്നു.

(സി) തിരുവനന്തപുരം ആസ്ഥാനമായുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും (സെക്രട്ടേറിയറ്റ് ഒഴികെ) ആഭ്യന്തര വിമാനയാത്രയ്ക്കുള്ള എയർ ടിക്കറ്റ് കോർപ്പറേഷന്റെ ട്രാവൽ ഡിവിഷനിൽനിന്നും വാങ്ങണമെന്ന് 23.11.1995-ൽ 28138/ജി2/95/തൊഴിൽ എന്ന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 6.6.1991-ലെ 10946/ബി.പി.ഇ2/91/പിഎൽജി എന്ന സർക്കുലർ പ്രകാരം തിരുവനന്തപുരത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലെ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ വിമാന ടിക്കറ്റുകൾക്ക് ഒ.ഡി.ഇ. പി.സി യെ സമീപിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

100 (496) ബീഡി, സിഗാർ തൊഴിലാളി ബോർഡിനുവേണ്ടി സബ് ഓഫീസ്

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീഡി, സിഗാർ തൊഴിലാളി ബോർഡിന് സബ് ഓഫീസ് അനുവദിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബീഡി, സിഗാർ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം 15.3.99-ന് ആരംഭിച്ചിട്ടേയുള്ളൂ. ആയതിനാൽ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സബ് ഓഫീസുകൾ തുറക്കണമോ വേണ്ടയോ എന്ന കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

101 (497) ഡോക്ടർമാരുടെ കുറവ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ ഡോക്ടർമാരുടെ കുറവുണ്ടോ; എങ്കിൽ എത്ര;

(ബി) ഡോക്ടർമാർ ഇല്ലാത്ത ആശുപത്രികൾ ഈ വകുപ്പിലുണ്ടോ;

(സി) എങ്കിൽ പി.എസ്.സി. വഴി ഈ തസ്തികകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഡോക്ടർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തി കുറവ് പരിഹരിക്കുമോ?

ഉത്തരം

(എ) 72 ഡോക്ടർമാരുടെ കുറവുണ്ട്.

(ബി) ഇല്ല.

(സി)&(ഡി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly